**<u>ഇടുക്കി ജില്ലാ നഗരാസൂത്രകന്റെ നടപടിക്രമം</u>**
**<u>(ഹാജർ : ശ്രീമതി ജിനുമോൾ വർഗീസ്, നഗരാസൂത്രകൻ)</u>**

വിഷയം:- നഗരാസൂത്രകന്റെ കാര്യാലയം, ഇടുക്കി - മുട്ടം ഗ്രാമപഞ്ചായത്ത് - ഗ്രൂപ്പ് ജി 2 വ്യവസായ കെട്ടിട നിർമ്മാണം - സ്ഥലവിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: 1. മുട്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.01.2022 ലെ
- BPL101/2021/2307 നമ്പർ കത്ത്.

2. 22.02.2022 ലെ Managing Director, Pinco Foods Pvt Ltd, Thudanganar P O, Muttom എന്നയാളുടെ അപേക്ഷയും പ്ലാനുകളും.

**<u>ഉത്തരവ് നമ്പർ:TCPIDK/22/2022 - D1 തീയതി:02/03/2022</u>**

തൊടുപുഴ താലൂക്കിൽ, മുട്ടം ഗ്രാമപഞ്ചായത്തിൽ, മുട്ടം വില്ലേജിൽ സർവ്വേ നമ്പർ 362/3, 365/2, 357/3, 357/7, 357/8, 357/2, 357/5, 358/1, 358/2 ൽപ്പെട്ട 20,595 ച.മീ. വിസ്തൃതിയുള്ള സ്ഥലത്ത് ഫാക്ടറി കെട്ടിടം - 1563.12 ച.മീ., ഓഫീസ് കെട്ടിടം - 177.57 ച.മീ., ടോയ് ലെറ്റ്ബ്ലോക്ക് - 34.95 ച.മീ., വേബ്രിഡ്ജ് - 17.10 ച.മീ ഉൾപ്പടെ 1792.74 ച.മീ വിസ്തൃതിയുള്ള ജി 2 വ്യവസായ ഗണത്തിൽപ്പെട്ട നിർമ്മാണം നടത്തുന്നതിന് മേൽ പാമർശങ്ങൾ പ്രകാരം ലഭിച്ച ഇതോടൊപ്പമുള്ള പ്ലാനുകൾ പ്രകാരം കെ.പി.ബി.ആർ. 2019 ചട്ടം 5(6)(1) പ്രകാരമുള്ള വിലയിരുത്തൽ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി കെ.പി.ബി.ആർ. 2019 ചട്ടം 30 (സി) പ്രകാരം സ്ഥല വിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ - ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു. ചട്ടങ്ങൾക്ക് വിധേയമായി പഞ്ചായത്തിൽ നിന്ന് നിർമ്മാണാനുമതി വാങ്ങേണ്ടതാണ്.

**<u>നിബന്ധനകൾ</u>**

1. കെ.പി.ബി.ആർ 2019 ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി അതിരുകൾ, അളവുകൾ, നിർമ്മാണാവകാശം എന്നിവയും ടി സ്ഥലത്ത് പുറംപോക്ക് ഭൂമി ഉൾപ്പെടുന്നില്ലായെന്നും പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
2. നിർമ്മാണം കെ.പി.ബി.ആർ 2019 -നും അനുബന്ധ ഭേദഗതികൾക്കും വിധേയമായിരിക്കണം.
3. നിലവിലുള്ള നിയമപ്രകാരം മറ്റ് വകുപ്പുകൾ, ഏജൻസികൾ എന്നിവയിൽ നിന്നും ആവശ്യമായ അനുമതികൾ, അംഗീകാരങ്ങൾ എന്നിവ ലഭ്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
4. കെ.പി.ബി.ആർ 2019 ചട്ടം 79(7) പ്രകാരമുള്ള In-situ liquid waste management treatment plant, Provision for recycling and reusing of waste water generated എന്നിവയ്ക്കുള്ള സംവിധാനം നൽകേണ്ടതാണ്.
5. നിർമ്മാണം ആരംഭിച്ചിട്ടുള്ളതിനാൽ കെ.പി.ബി.ആർ അദ്ധ്യായം XX പ്രകാരം പൂർത്തിയായ നിർമ്മാണം ക്രമവൽക്കരിക്കേണ്ടതാണ്.

**JINUMOLE VARGHESE, TP TPIDK, O/o TP TPIDK**

ഉള്ളടക്കം :- അംഗീകൃത പ്ലാനിന്റെ പകർപ്പ്.

To

സെക്രട്ടറി,
മുട്ടം ഗ്രാമപഞ്ചായത്ത്

പകർപ്പ് : - 1) Managing Director, Pinco Foods Pvt Ltd, Thudanganar P O, Muttom
2) കരുതൽ ഫയൽ
3) അധികം

Signature Not Verified

Digitally signed by JINU MOLE VARGHESE
Date: 2022.03.02 15:23:10 IST
Reason: Approved